**കണ്ണൂർ സർവ്വകലാശാല**

**അക്കാദമിക് ഡി വിഭാഗം**

---

**നമ്പർ. അക്കാഡ് ഡി/761/2020** **തീയതി:** 11.06.2020

**<u>സർക്കുലർ</u>**

വിഷയം:- ഓൺലൈൻ ക്ലാസ് -മാർഗനിർദേശങ്ങൾ -അറിയിപ്പ് സംബന്ധിച്ച്

സൂചന :- 11.06.2020 ലെ ബഹു.വൈസ് ചാൻസലറുടെ കുറിപ്പ് .

Covid 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സർവകലാശാലയുടെ പരിധിയിൽ വരുന്ന കോളേജുകളിൽ ഓൺലൈൻ പഠനം കാര്യക്ഷമമാക്കുന്നതിലേക്കു ബഹു.വൈസ് ചാൻസലറുടെ ചുവടെ കൊടുത്ത നിർദേശങ്ങൾ കൃത്യമായി പാലിച്ച് ഓൺലൈൻ പഠനം സുഗമമാക്കാൻ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1 . സർവകലാശാല പരിധിയിൽ വരുന്ന ഓരോ കോളേജിലും 50 Mbps ഇന്റർനെറ്റ് വേഗതയുള്ള, ചുരുങ്ങിയത് 25 കംപ്യൂട്ടറുകളെങ്കിലും ഉണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2.ഈ കമ്പ്യൂട്ടറുകളൊക്കെത്തന്നെ പ്രസ്തുത കോളജിലെ എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉപകാരപ്രദമായ രീതിയിലായിരിക്കണം സജ്ജീകരിക്കേണ്ടത്

3. ഓരോ ദിവസവും രാവിലെ 8.30 മുതൽ ഉച്ച കഴിഞ്ഞ് 1.30 വരെ നീണ്ടു നിൽക്കുന്ന നിശ്ചിത ടൈം ടേബിൾ പ്രകാരമുള്ള ഓൺലൈൻ പഠനത്തിനാവശ്യത്തിലേക്കായി, ബന്ധപ്പെട്ട അദ്ധ്യാപകർ തയ്യാറാക്കിയ ലക്ച്ചറുകൾ, അതതു കോളേജിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്

4 .ഓരോ കോളേജും മേൽ കൊടുത്ത രീതിയിൽ ഓൺലൈൻ പഠനം സുഗമമാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടി ക്രമങ്ങളുടെ പ്രവർത്തന റിപ്പോർട്ട് 2020 ജൂൺ 18നകം സർവകശാലയിൽ സമർപ്പിക്കേണ്ടതാണ് .പ്രസ്തുത റിപ്പോർട്ട് പരിശോധനയ്ക്ക് വിധേയമാക്കുന്നതും മേൽ പ്രതിപാദിച്ച നടപടിക്രമത്തിൽ എന്തെങ്കിലും തരത്തിൽ വീഴ്ച വരുത്തുന്നത് ഗൗരവതരമായി കാണുന്നതായിരിക്കുമെന്നും ബഹു.വൈസ് ചാൻസലർ ഉത്തരവ് നൽകിയിരിക്കുന്നു.

*ഒപ്പ്/-*

**മുഹമ്മദ് ഇ.വി. പി**

രജിസ്ട്രാർ (i/c)

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

കോളജ് പ്രിൻസിപ്പാൾമാർ/മാനേജർമാർ